# ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം
## സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ദുബായ്

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം ഇടവകയിലെ യുവതീ യുവാക്കൾക്കായി ഒക്ടോബർ 10 നു വെള്ളിയാഴ്ച രാവിലെ 11 മുതൽ വൈകിട്ട് 4:00 വരെ വിവിധ കലാമൽസരങ്ങൾ സംഘടിപ്പിക്കുന്നു. പ്രസംഗം, ക്രിസ്തീയഗാനം, മോണോആക്ട്, ഫാൻസി ഡ്രസ്, ചിത്രരചന, വേദവാക്യം, കവിതാപാരായണം, ഉപന്യാസം എന്നീ ഇനങ്ങളിലാണ് മൽസരങ്ങൾ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 7 നു മുൻപ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

### നിബന്ധനകൾ

18 വയസിനു മുകളിൽ പ്രായമുള്ള ഇടവകാംഗങ്ങൾക്ക് മാത്രമേ മൽസരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ.

മൽസരാർത്ഥികൾ നിർദ്ദിഷ്ടഫോറത്തിൽ ഒക്ടോബർ 7 നു രാത്രി 10 മണിക്കു മുൻപായി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. മൽസരദിവസം രാവിലെ 11 മണിക്കു മുമ്പായി റിപ്പോർട്ടു ചെയ്ത് ചെസ്റ്റ് നമ്പർ വാങ്ങേണ്ടതാണ്.

ഇംഗ്ലീഷ് ഉപന്യാസം ഒഴികെ, മൽസര ഇനങ്ങളുടെ പ്രധാന മാധ്യമം മലയാളമായിരിക്കും.

നിർദ്ദേശിക്കപ്പെടുന്ന വിഷയത്തിൽ കേന്ദ്രീകരിച്ചും സമയക്ലിപ്തത പാലിച്ചും മൽസരത്തിൽ പങ്കെടുക്കാത്ത പക്ഷം അയോഗ്യതയായി കണക്കാക്കുന്നതാണ്.

| ഇനം | വിഷയം | സമയം |
|---|---|---|
| ഗാനം (Solo Karake) | ക്രിസ്തീയ ലളിതഗാനം | 5 മിനിറ്റ് |
| മോണോആക്ട് | ബൈബിൾ/ക്രിസ്തീയം | 5 മിനിറ്റ് |
| പ്രച്ഛന്നവേഷം (Fancy Dress) | | 3 മിനിറ്റ് |
| പ്രസംഗം (Elocution) | 1. സാമൂഹിക പ്രതിബദ്ധത ക്രിസ്തു മാഗ്ഗത്തിലൂടെ<br>2. സാമൂഹിക പ്രതിബദ്ധതയും പ്രേഷിത പ്രവർത്തനങ്ങളും | 10 മിനിറ്റ് |
| പെൻസിൽ ഡ്രോയിംഗ് | | 60 മിനിറ്റ് |
| കവിതാപാരായണം | | 5 മിനിറ്റ് |
| വേദവാക്യ മത്സരം (Writing) | | 30 മിനിറ്റ് |
| ഉപന്യാസരചന (Malayalam & English) | | 30 മിനിറ്റ് |

പ്രസംഗ മത്സരത്തിന് നല്കിയിരിക്കുന്നതിൽ നിന്നും തിരഞ്ഞെടുക്കുന്ന വിഷയം ഓരോ മൽസരാർത്ഥിക്കും അവരവരുടെ മൽസരം ആരംഭിക്കുതിന് 5 മിനിറ്റ് മുൻപ് നൽകുതാണ്

സംഘാടകർ നൽകുന്ന A3 പേപ്പറിൽ പെൻസിൽ (Black) ഉപയോഗിച്ച് ചിത്രരചന നടത്താം. ചിത്രരചനയ്ക്കുള്ള വഷയം മൽസരം ആരംഭിക്കുതിന് മുൻപ് മൽസരഹാളിൽ വച്ച് നൽകുന്നതാണ്.

മൽസരത്തിന് ആവശ്യമായ സാധനങ്ങളും അനുബന്ധ കാര്യങ്ങളും മൽസരാർത്ഥികൾ കൊണ്ടുവരേണ്ടതും, അവരുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

# ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം
## സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ദുബായ്

പരിപാടികൾ ഉതനിലവാരം പുലർത്തുന്നതും ദേവാലയ അന്തരീക്ഷത്തിന്റെ പരിശുദ്ധി കാത്തു സൂക്ഷിക്കുന്നതുമായിരിക്കണം. അതോടൊപ്പം രാജ്യത്തിന്റെ നിയമപരിരക്ഷക്കും, മതസൗഹർദ്ദത്തിനും അനുയോജ്യമായ അവതരണശൈലി ആയിരിക്കണം.

മോണോ ആക്ട് അവതരണത്തിന്റെ പൂർണ്ണമായ സ്ക്രിപ്റ്റ്, കവിതാപാരായണത്തിനുള്ള കവിത, പ്രച്ഛന്ന വേഷ വിഷയം മുതലായവ ഇടവക വികാരിയോ, അസിസ്റ്റന്റ് വികാരിയോ, സ്ക്രീനിംഗ് കമ്മറ്റിയോ വായിച്ച്, സാക്ഷ്യപ്പെടുത്തിയിരിക്കണം. ടി സ്ക്രിപ്റ്റ് മൽസരം ആരംഭിക്കുമ്പോൾ മോഡറേറ്ററുടെ പക്കൽ നൽകേണ്ടതും മൽസരശേഷം തിരികെ വാങ്ങാവുന്നതുമാണ്.

മൽസരം പ്രഖ്യാപിച്ചു കഴിഞ്ഞാൽ മൽസരാർത്ഥികൾ തങ്ങളുടെ പക്കലുള്ള ആശയവിനിമയ ഉപകരണങ്ങൾ സംഘാടകരുടെ പക്കൽ താൽക്കാലികമായി ഏൽപ്പിക്കേണ്ടതാണ്.

മൽസരാർത്ഥികൾ വയസ്സ് സ്വയം സാക്ഷ്യപ്പെടുത്തി നൽകണം. ആവശ്യമായി വന്നാൽ സംഘാടകർ നിർദ്ദേശിക്കുന്ന രേഖകൾ ഹാജരാക്കി വയസു തെളിയിക്കേണ്ടത് മൽസരാർത്ഥിയുടെ ഉത്തരവാദിത്വമാണ്.

മൽസരിക്കുവരുടെ എണ്ണം മൂന്നിൽ കുറവായാൽ ആ ഇനം സൗഹാർദ്ദ മൽസരമായി പരിഗണിച്ച് പങ്കെടുത്തവർക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

സംഘാടകരുടെ സമയോചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ മൽസരാർത്ഥികൾ ബാദ്ധ്യസ്ഥരാണ്.

ഏകാംഗ മൽസരങ്ങൾക്ക് അനുയോജ്യമല്ലാത്ത എന്തെങ്കിലും ഇടപെടലുകൾ ഏതെങ്കിലും മൽസരാർത്ഥിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പക്ഷം പ്രസ്തുത മൽസരാർത്ഥിക്ക് അയോഗ്യത കൽപ്പിക്കപ്പെടുന്നതാണ്.

വൈകിയെത്തുകയോ നിർദ്ദിഷ്ടസമയത്ത് വേദിയിൽ മൽസരത്തിന് സന്നിഹിതരാകാ തിരിക്കുകയോ ചെയ്യുന്ന മൽസരാർത്ഥികളെ പ്രസ്തുത മൽസരത്തിൽ അയോഗ്യരാക്കുന്നതാണ്.

സംഗീതം, പച്ഛന്ന വേഷം മുതലായ മൽസരങ്ങൾക്ക് പശ്ചാത്തലത്തിനായി അനുയോജ്യമായ ഓഡിയോ സിഡികൾ മൽസരാർത്ഥികളുടെ ഉത്തരവാദിത്വത്തിൽ ഉപയോഗിക്കാവുന്നതാണ്. മൽസരം ആരംഭിക്കുന്നതിനു മുൻപ് സി.ഡി ഓപ്പറേറ്ററുടെ അടുത്ത് നൽകി പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയിരിക്കണം.

വേദവാക്യ മൽസരത്തിൽ, വേദഭാഗവും വാക്യവും പൂർണ്ണമായിരിക്കണം. ഒരു അദ്ധ്യായത്തിൽനിന്നും ഒന്നിൽക്കൂടുതൽ വാക്യങ്ങൾ എഴുതുവാൻ പാടില്ല.

മൽസരാർത്ഥികൾ മൽസരവേദിയിൽ കുറിപ്പുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

പരിപാടി സംബന്ധിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മൽസരദിവസം 4.00 മണിക്ക് മുമ്പായി യൂണിറ്റ് പ്രസിഡന്റിനെയോ, സെക്രട്ടറിയേയോ, ജനറൽ കൺവീനറെയോ രേഖാമൂലം ഏൽപ്പിക്കേണ്ടതാകുന്നു.

വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

മുകളിൽ പറഞ്ഞ നിബന്ധനകൾ പാലിക്കാത്ത മൽസരാർത്ഥികൾ അയോഗ്യരായി കൽപ്പിക്കപ്പെടും.

*******************************